"ഭരണഭാഷ - മാതൃഭാഷ"

നം.ഒ&എം(1)/40420/2019/ഡി.ജി.ഇ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: **20.01.2020**

## പരിപത്രം

വിഷയം: പൊതു വിദ്യാഭ്യാസം - കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് - 2020 പരീക്ഷാ നടത്തിപ്പ് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: ഗവ. ഉത്തരവ് (സാധാ) നമ്പർ 294/2020/പൊ.വി.വ. തീയതി 17.01.2020

**********

പി.എസ്.സി. പരീക്ഷകൾ സുതാര്യവും കാര്യക്ഷമമായും നടത്തുന്നത് സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് 2020 പരീക്ഷ നടത്തിപ്പിൽ സ്വീകരിക്കേണ്ട നടപടികൾ വിശദീകരിച്ചുകൊണ്ട് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്.

ഇതിന്റെ തുടർച്ചയായി ഉടൻ പ്രാബല്ല്യത്തിൽ നടപ്പിലാക്കേണ്ട അടിയന്തിര നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ ആവശ്യപ്പെടുന്ന അത്രയും സർക്കാർ/എയ്ഡഡ് സ്കൂളുകൾ പരീക്ഷാ കേന്ദ്രങ്ങളായി വിട്ടുനൽകേണ്ടതാണ്.
2. ഇത്തരം കേന്ദ്രങ്ങളിൽ പരീക്ഷാ ചുമതലയ്ക്കും ഇൻവിജിലേഷനുമായി ആവശ്യാനുസരണം പ്രധാനാധ്യാപകരുടേയും അധ്യാപകരുടേയും സേവനം ഉറപ്പു വരുത്തണം.
3. നിയോഗിക്കപ്പെടുന്ന അധ്യാപകർ നിർബന്ധമായും ഡ്യൂട്ടി സ്വീകരിക്കുകയും പരീക്ഷ ആരംഭിക്കുന്നതിന് രണ്ട് മണിക്കൂർ മുൻപ് തന്നെ കേന്ദ്രത്തിൽ ഹാജരാകുകയും വേണം.
4. ഇൻവിജിലേറ്റേഴ്സ് ആയി അധ്യാപകരെ മാത്രമെ നിയോഗിക്കാവൂ.
5. ചീഫ് സൂപ്രണ്ടുമാരും ഇൻവിജിലേറ്റേഴ്സും പി.എസ്.സി. നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കുവാൻ ബാധ്യസ്ഥരാണ്.
6. ഡ്യൂട്ടി സ്വീകരിക്കുവാൻ വിമുഖത കാട്ടുന്നതും ഉത്തരവാദിത്തങ്ങൾ നിറവേറ്റാതിരിക്കുന്നതും ഗുരുതര വീഴ്ചയായി വീക്ഷിക്കുന്നതാണ്.

പി.എസ്.സി. യുടെ ജില്ലാ അധികാരികൾ ആവശ്യപ്പെടുന്ന ക്രമത്തിൽ പ്രധാനാധ്യാപകരുടേയും, അധ്യാപകരുടേയും, വിദ്യാലയങ്ങളുടേയും

വിശദാംശങ്ങൾ ക്രോഡീകരിച്ച് നൽകുന്നതിനും ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളുന്നതിനും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

കെ.എ.എസ്. 2020 പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി വകുപ്പിലെ മുഴുവൻ ജീവനക്കാരുടേയും അകമഴിഞ്ഞ സഹകരണം ഉറപ്പാക്കേണ്ടതാണ്.

**വി.എസ്.ആശാദേവി**
**പെൻ നമ്പർ 101454**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

<u>അസ്സൽ</u>

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

<u>പകർപ്പ്</u>

1. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പരിപത്രത്തിന്റെ പകർപ്പ് മുഴുവൻ സ്കൂളുകൾക്കും നൽകേണ്ടതാണ് )
3. കരുതൽ ഫയൽ

എസ്.എസ്.